ശ്രീ. എൻ. മോസ്സരൻനായർ : 1963–64 സാമ്പത്തികവർഷത്തിൽ പുതിയതായി ഹോമിയോപ്പതിക്കു് ഡിസ്പെൻസറികളും തുറക്കാത്ത നിലയ്ക്കു് ഈ സാമ്പത്തികവർഷത്തിൽ രണ്ടുകൊല്ലത്തേയും കൂടി കൂട്ടി പുതിയ ഡിസ്പെൻസറികളും തുറക്കാൻവേണ്ട ഏർപ്പാടു് ചെയ്യുമോ ? അതേ അവസരത്തിൽ കോട്ടയത്തു നടക്കുന്ന ഹോമിയോപ്പതിക്കു് മെഡിക്കൽകോളേജിൽനിന്നു് പാസ്സായി വെളിയിൽ വരുന്ന ആളുകൾക്കു് മുൻഗണന കൊടുത്തു് ആ ഡിസ്പെൻസറികളിൽ ജോലികൊടുക്കുന്നതിനു വേണ്ട ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഓരോ വർഷവും നാലു ഡിസ്പെൻസറികളെങ്കിലും വീതമാണു് തുറക്കേണ്ടിയിരുന്നതു്. 1962-63–ൽ ഒരു എണ്ണം കൂടുതലായി തുറന്നിട്ടുണ്ടു്. ഈ വർഷം പ്ലാൻ സ്കീമനുസരിച്ചു് നാലെണ്ണം തുറക്കാൻ മാത്രമേ വ്യവസ്ഥവച്ചിട്ടുള്ളുവെങ്കിലും ഈ കുറവു പരിഹരിക്കുന്നതിനു വേണ്ടി ഈ വർഷം ആറെണ്ണം തുറക്കാൻവേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഒരെണ്ണം കുറഞ്ഞുവന്നതു് അടുത്തകൊല്ലത്തിൽ പരിഹരിക്കുവാൻ സാധിക്കും. ഹോമിയോ ആശുപത്രികളിലെ നിയമനം നടത്തുന്നതു് പി. എസ്. സി. യാണു്. അതുകൊണ്ടു് ഗവണ്മെൻറിനു പ്രത്യേകമായ മുൻഗണന കൊടുക്കാനൊന്നും നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഹോമിയോപ്പതിക്കു മരുന്നുകൾ സപ്ലൈർ ടെണ്ടർ വിളിച്ചുവാങ്ങുന്നതു് ഏറ്റവും വിലകുറഞ്ഞ മരുന്നുകളാണു്. ആ വിലകുറഞ്ഞ മരുന്നുവാങ്ങി ചികിത്സിക്കുന്നതുകൊണ്ടു് യാതൊരു ഫലവുമില്ലെന്നുള്ള കാര്യം ഞാൻ നേരത്തേ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു് ഗവണ്മെൻറു് നല്ല മരുന്നുവാങ്ങി ചികിത്സിപ്പിക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ബഹു: മെമ്പർ പറഞ്ഞതു് കുറെയൊക്കെ അതിശയോക്തിയാണു്. അങ്ങനെയൊരു പരാതിയുണ്ടായിട്ടുണ്ടു്. ലോവസ്റ്റു ടെണ്ടർ സ്വീകരിക്കുന്ന കാരണത്താൽ നല്ല മെഡിസിൻ വാങ്ങാൻ സാധിക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടാണു് ഒരു ആണറി അഡൈ്വസറെ വച്ചിട്ടുള്ളതു്. അദ്ദേഹത്തിൻറെ ഉപദേശ പ്രകാരം നല്ല മരുന്നു വാങ്ങുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ഗവണ്മെൻറു് lowest ടെണ്ടർ വിളിച്ചു മരുന്നു വാങ്ങുന്നതിൽ ആ മരുന്നു ഇന്ന മേക്കായിരിക്കണം എന്നുള്ളതിനെ സംബന്ധിച്ചു് വല്ല നടപടിയും എടുത്തിട്ടുണ്ടോ? ആരെങ്കിലും ഏറ്റവും ആദായകരമായ നിലയിൽ തരാമെന്നു പറഞ്ഞാൽ അതു സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : വെറും ആദായത്തിൻറെ അടിസ്ഥാനത്തിൽ മാത്രം സ്വീകരിക്കുകയില്ല. സ്റ്റാൻഡേർഡ് കുറയിറി കിട്ടണമെന്നുണ്ടു്. അതിനു് ലോവസ്റ്റു് ടെണ്ടർ എന്ന തത്വമാണു് സ്വീകരിച്ചിട്ടുള്ളതു്.

മദിരാശിയിൽ നിന്നു വിദ്യുച്ഛക്തി കിട്ടുന്നതിനുള്ള നടപടി.

* 603. [19] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്കു് മദിരാശിയിൽ നിന്നു വിദ്യുച്ഛക്തി കിട്ടുണ്ടെന്ന കാര്യം കേന്ദ്രഗവണ്മെൻറുമായി കൈകാര്യം ചെയ്തിട്ടുണ്ടോ ;

(ബി) അതിൻറെ വിശദാംശങ്ങൾ എന്തൊക്കെയാണു് ;

(സി) എത്ര കിലോവാട്സ് വിദ്യുച്ഛക്തിക്കാണു് ആവശ്യപ്പെട്ടതു് ;

(ഡി) ഇതിനിടെ കേന്ദ്ര വിദ്യുച്ഛക്തി മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യുവോ; വല്ല തീരുമാനവും എടുത്തുവോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി,സി) നെയ്വേലിയിൽനിന്നും 50 മെഗാവാട്ട്സ് വിദ്യുച്ഛക്തിയോ അതു സാദ്ധ്യമല്ലെങ്കിൽ 25 മെഗാവാട്ട്സ് വിദ്യുച്ഛക്തിയെങ്കിലുമോ അനുവദിക്കണമെന്നു് കേന്ദ്രഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിരുന്നു.

(ഡി) ഇക്കാര്യം കേന്ദ്രവിദ്യുച്ഛക്തി മന്ത്രിയുമായി ചർച്ച ചെയ്യുകയുണ്ടായി. നെയ്വേലിയിൽനിന്നു് 21,000 കിലോവാട്ട്സ് വിദ്യുച്ഛക്തി നൽകാമെന്നു് മദ്രാസ് ഗവണ്മെൻറു് കേരളഗവണ്മെൻറിനെ അറിയിക്കുകയും ജനുവരിമാസം പതിനഞ്ചാംതീയതി മുതൽ സപ്ലൈ ആരംഭിക്കുകയും ചെയ്തിട്ടുണ്ടു്?

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : കേരളത്തിലെ വ്യവസായങ്ങൾക്കു വേണ്ടുന്ന വിദ്യുച്ഛക്തി ഈ പറഞ്ഞ പദ്ധതികൊണ്ടു് മതിയാകുമോ ?

ശ്രീ. ആർ. ശങ്കർ : ഇതുകൊണ്ടു് മതിയാവുകയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ അടുത്തകാലത്തു് പത്രത്തിൽ കാണുകയുണ്ടായി, റിസർവോയറിലെ ജലവിതാനം താണുകൊണ്ടിരിക്കുന്നു എന്നും അതുകൊണ്ടു് വിദ്യുച്ഛക്തി കട്ടു് കൂടുതലായി ഏർപ്പെടുത്തേണ്ടിവരുമെന്നും, ഇങ്ങനെ പത്രത്തിൽ കണ്ടതു് ശരിയാണോ ? ആശങ്കയ്ക്കു് അവകാശമുണ്ടോ ?

ശ്രീ. ആർ. ശങ്കർ : കുറെ ആശങ്കയ്ക്കു് അവകാശമുണ്ടു്. റിസർവോയറിലെ ജലത്തിൻറെ ലവൽ ഇപ്പോഴും വിചാരിച്ചതിലും താണുനിൽക്കുകയാണു്.

ശ്രീ. എം. എം. മത്തായി : മദ്രാസിൽനിന്നു കിട്ടുന്ന കറണ്ടു് ഇവിടെയുള്ളതിൻറെയത്ര ഗുണമുള്ളതായി കാണുന്നില്ല. ഇതു് കറണ്ടിൽ വല്ല മായവും ചേർത്തുതരുന്നതാണോ; ഇല്ലെങ്കിൽ നമ്മൾ കാശുകൊടുത്തു വാങ്ങുന്നതു് നല്ലതായിക്കിട്ടാൻ വേണ്ട ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : മദ്രാസിൽനിന്നു വരുന്ന കറണ്ടിൽ ചിലപ്പോൾ വോൾട്ടേജ് ഉയർന്നുവരാത്തതുകൊണ്ടു് കുറെ വിഷമങ്ങൾ ഉണ്ടാകുന്നുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ അടുത്തകാലത്തു് ഇലക്ട്രിസിറ്റി ബോർഡു് ചെയർമാൻ ശ്രീ. ചന്തുനായരുടെ ഒരു പത്രറിപ്പോർട്ടു് കാണുകയുണ്ടായി. ഇപ്പോൾ മദ്രാസിൽനിന്നുവരുന്ന 21,000 കിലോവാട്ട്സ് വിദ്യുച്ഛക്തികൊണ്ടു് മതിയാവുകയില്ലെന്നും, 25,000 കിലോവാട്ട്സെങ്കിലും കിട്ടിയില്ലെങ്കിൽ ഇവിടത്തെ കാര്യങ്ങൾ നടക്കുകയില്ലെന്നും, അതുകൊണ്ടു് ഗവണ്മെൻറു് ഉടനടി നടപടി എടുക്കേണ്ടതാണെന്നും പത്രത്തിൽ കാണുകയുണ്ടായി. അതനുസരിച്ചു് ഗവണ്മെൻറു് പ്രവർത്തിക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : മദ്രാസു് ഗവണ്മെൻറിനോടു് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു് കൂടുതൽ പൗവ്വേഴ്സ് ഒന്നുമില്ലെങ്കിലും രാത്രി തരുന്നതു് പകൽ കൂടി തരണമെന്നാണു് അങ്ങനെ തരാൻ നിവൃത്തിയില്ലെന്നു് അറിയിച്ചിരിക്കുകയാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഇപ്പോൾ എൻഫോഴ്സു് ചെയ്തിട്ടുള്ള കട്ടു് പ്രകാരം നമ്മുടെ ആവശ്യത്തിനു് ധാരാളം കുറവു് ഉണ്ടു്. ഇപ്പോൾ മദിരാശിയിൽനിന്നും കിട്ടുന്നതിനുതന്നെ ഡെഫിസിറ്റു് വരുമനിടയുണ്ടു്. അതുകൊണ്ടു് കട്ടു് നിലനിറുത്തുകയും, ആക്ചൽ ഡെഫിസിറ്റു് ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നതിനു് എത്ര കിലോവാട്ട്സു് വിദ്യുച്ഛക്തി ആവശ്യമുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഡൊമസ്റ്റിക്ക് കൺസേൺസിനു് കട്ടു് ഇല്ല. ഇൻഡസ്ട്രിയൽ കൺസേൺസിനാണു് കട്ടു് ഏർപ്പെടുത്തിയിട്ടുള്ളതു്. അതിൽത്തന്നെ ക്ഷേണസാധനങ്ങളും പ്രോസസ്സു് ചെയ്യുന്നതിനും ഡിഫൻസിന്റെ ആവശ്യത്തിനും, തുടർച്ചയായി വർക്കു് ചെയ്യാതിരുന്നാൽ കേടുവരുന്ന ചില യന്ത്രങ്ങൾക്കും ഒക്കെ സ്പെഷ്യലായിട്ടു് കൊടുക്കുന്നുണ്ടു്. ഒരു പക്ഷേ കുറെക്കൂടി കട്ടു് വേണ്ടിവരുകയില്ലേ എന്ന സാഹചര്യമാണു് ഇന്നുള്ളതു്. മദ്രാസിൽനിന്നു് കുറെക്കൂടി പൗവ്വേഴ്സു് കിട്ടുന്നതിനുവേണ്ടി പരിശ്രമങ്ങളും പരാജയപ്പെട്ടിരിക്കുകയാണു്. കേന്ദ്രഗവണ്മെന്റിനും ഇക്കാര്യത്തിൽ കൂടുതൽ ചെയ്യാൻ കഴിയുമെന്നു തോന്നുന്നില്ല.

ജലസേചനത്തിനു് ചെലവായ സംഖ്യ.

* 604. [20] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ ജലസേചനത്തിനായി ഓരോ ഇനത്തിലും (മൈനർ, മീഡിയം, മേജർ) ഓരോ ജില്ലയിലും എത്ര തുക വീതം ചെലവുചെയ്തു ;

(ബി) ഓരോ ജില്ലയിലും എത്ര ഏക്കർ വീതം കൃഷിസ്ഥലങ്ങൾക്കു കൂടുതൽ ജലസേചനസൗകര്യം ലഭിച്ചു ;

(സി) തൽഫലമായി പ്രതീക്ഷിക്കുന്ന ഉൽപ്പാദന വർദ്ധനവു് ഏകദേശം എത്രയാണു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ,ബി) സ്റ്റേറ്റുമെന്റു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(സി) 8780.66 ടൺ കൂടുതൽ അരി. ഇതിൽ നാലു ഡിസ്ട്രിക്റ്റുകളുടെ വിവരങ്ങളാണു് ലഭിച്ചിരുന്നില്ല. അതു ഞാൻ വായിക്കാം. കണ്ണൂർ ഡിസ്ട്രിക്റ്റു മേജർ പ്രോജക്റ്റു 4.8 ലക്ഷം രൂപ. കാലിക്കട്ടു് കുറിയാടി മേജർ പ്രോജക്റ്റു് 3.4 ലക്ഷംരൂപ. കോട്ടയം ഡിസ്ട്രിക്ടിൽ മേജർ പ്രോജക്റ്റു് ഇല്ല. കൊല്ലം ഡിസ്ട്രിക്ടു് കല്ലട പ്രോജക്റ്റു് 4.96 ലക്ഷംരൂപ.

പ്രോജക്റ്റു് പ്രദേശങ്ങളിൽനിന്നും ഒഴിപ്പിക്കപ്പെടേണ്ടവർ

* 605. (21) ശ്രീ. കെ. ടി. തോമസ്സു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോജക്റ്റു പ്രദേശങ്ങളിൽനിന്നു് ഒഴിപ്പിക്കപ്പെടേണ്ടവരുടെ ലിസ്റ്റു് ഗവണ്മെന്റു് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ലിസ്റ്റിൽ ഓരോരുത്തരുടേയും കൈവശഭൂമിയുടെവിസ്തീർണ്ണവും ഭേഹണ്ഡങ്ങളെ സംബന്ധിച്ച വിശദവിവരങ്ങളും മതിപ്പുവിലയും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഈ കാര്യങ്ങൾകൂടി ചേർത്തു് ലിസ്റ്റു് തയ്യാറാക്കുന്നതിനു നിർദ്ദേശം കൊടുക്കുമോ ?

നിയമവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ):

(എ) ലിസ്റ്റു തയ്യാറാക്കിവരുന്നുണ്ടു്.

(ബി,സി) വിശദവിവരങ്ങൾ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ടു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly